കേരളകൗമുദി

Established by **C.V. Kunjuraman** as a periodical in 1911

## മികവുകൾ ശീലമാക്കിയ കരിയർ ഗുരു

# ഗിരീഷ് സാറിന് പകരം ഗിരീഷ് സാർ മാത്രം



▶സുനിൽപാലാ

തൊട്ടതെല്ലാം പൊന്നാക്കി, കൈവച്ച മേഖലകളിലെല്ലാം വിജയക്കൊടി പാറിച്ച പ്രൊഫ. ഡോ. ജി.എസ്. ഗിരീഷ് കുമാറിന്റെ കരിയർ ഒരു പാഠപുസ്തകമാണ്. കോളജ് അദ്ധ്യാപകൻ, പ്രിൻസിപ്പൽ, സിവിൽ സർവീസ് അക്കാഡമി ഡയറക്ടർ, കൺസൾട്ടന്റ്, സംഘാടകൻ... തുടങ്ങി ഏറ്റെടുത്ത ചുമതലകളിലെല്ലാം മികവുകൊണ്ട് കൈയ്യൊപ്പ് ചാർത്തിയ ഗിരീഷ് കുമാറിനെ തേടി നിരവധി ബഹുമതികളും പുരസ്കാരങ്ങളുമെത്തി. മേലുകാവ് ഹെന്റി ബേക്കർ കോളേജിൽ കഴിഞ്ഞ ഏഴ് വർഷമായി പ്രിൻസിപ്പളായി സേവനമനുഷ്ഠിക്കുന്ന ഗിരീഷ്കുമാറിന്റെ കാലയളവ് കോളേജിന്റെ ചരിത്രത്തിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്തും.



ഡോ. ജി.എസ്.ഗിരീഷ് കുമാർ, പ്രിൻസിപ്പാൾ, ഹെൻറി ബേക്കർ കോളേജ്, മേലുകാവ്




**ഇന്ത്യയിലും വിദേശത്തും നൂറിലേറെ ദേശീയഅന്തർദേശീയ കോൺഫറൻസുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും പലതവണ മികച്ച പ്രബന്ധങ്ങൾക്കുള്ള അവാർഡുകൾ കരസ്ഥമാക്കുകയും ചെയ്തു. വിവിധ വിഭാഗങ്ങളിലെ കുട്ടികളുടെ വിലയിരുത്തലിൽ ഏറ്റവും മികച്ച അദ്ധ്യാപകനെന്ന സ്ഥാനവും ഗിരീഷ് സാറിനാണ് ലഭിച്ചത്. ഇദ്ദേഹത്തിന്റെ 110ഓളം പ്രബന്ധങ്ങൾ അംഗീകൃത ദേശീയ അന്തർദേശീയ ജേർണലുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 14 പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്.**

ഒരു പേജിൽ എഴുതിയാലൊതുങ്ങുന്നതല്ല ഡോ. ഗിരീഷ് കുമാറിന്റെ ഔദ്യോഗിക ജീവിതം. 1993 ൽ എം.കോമിന് അതേവരെയുള്ളഎം.ജി.യൂണിവേഴ്സിറ്റിയുടെചരിത്രത്തിലെ ഏറ്റവും ഉയർന്ന മാർക്കുമായി ഒന്നാം റാങ്കോടെ പാലാ സെന്റ് തോമസ് കോളേജിൽ നിന്ന് വിജയിച്ചിറങ്ങിയ ഗിരീഷ് കുമാർ പിന്നീട് കേരള സർവകലാശാലയിൽ നിന്ന് എം.എഫിലും പി.എച്ച്.ഡിയും മധുര കാമരാജ് യൂണിവേഴ്സിറ്റിയിൽ നിന്ന് എം.ബി.എയും പിന്നീട് ജെ.ആർ.എഫും ഉയർന്ന മാർക്കോടെ പാസായി. 1995 ൽ പൊന്നാനി എം.ഇ.എസ്. കോളേജിൽ ലക്ചററായി തുടങ്ങിയ ഔദ്യോഗിക ജീവിതത്തിൽ പിന്നീട് നിരവധി പദവികളാണ് ഇദ്ദേഹം വഹിച്ചത്.

1996 ൽ തൊടുപുഴ ന്യൂമാൻ കോളേജിൽ അദ്ധ്യാപകനായി. പിന്നീട് മുരിക്കാശ്ശേരി പാവനാത്മാ കോളേജിലും മൂവാറ്റുപുഴ നിർമ്മലാ കോളേജിലും അദ്ധ്യാപകനായിരുന്നു. ശേഷം സംസ്ഥാന തുടർവിദ്യാഭ്യാസ കേന്ദ്രത്തിന്റെയും സംസ്ഥാന സിവിൽ സർവീസ് അക്കാഡമിയുടെയും ഡയറക്ടറായി ഒരേ സമയം പ്രവർത്തിച്ചു. വിവിധ ജില്ലകളിൽ സിവിൽ സർവ്വീസ് സെന്ററുകളും തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളും ആരംഭിച്ചു. ഗിരീഷ് കുമാർ സിവിൽ സർവീസ് അക്കാഡമി ഡയറക്ടറായിരിക്കെയാണ് ഏറ്റവും കൂടുതൽ മലയാളികൾ സിവിൽ സർവീസിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നത്. ഈ സേവന മികവ് മുൻനിറുത്തി മുഖ്യമന്ത്രിയുടെ പ്രത്യേക അഭിനന്ദനത്തിന് അർഹനായി.

പ്രൊഫ. ഡോ. ഗിരീഷ് കുമാറിനെ മേലുകാവ് ഹെന്റി ബേക്കർ കോളേജ് മാനേജ്മെന്റ് നേരിട്ടുള്ള നിയമനം വഴി 2017 സെപ്തംബർ 14 മുതൽ പ്രിൻസിപ്പളായി നിയോഗിക്കുകയായിരുന്നു. കോളേജിനെ പ്രഥമ നാക് അക്രഡിറ്റേഷൻ എ ഗ്രേഡിലേക്ക് ഉയർത്തുന്നതിനും ഗിരീഷിന്റെ നേതൃത്വത്തിനായി. നിലവിൽ കേരളത്തിലെ എയ്ഡഡ് കോളേജ് പ്രിൻസിപ്പൽമാരുടെ ഏക സംഘടനയായ കേരള പ്രിൻസിപ്പൽസ് കൗൺസിൽ സംസ്ഥാന പ്രസിഡന്റാണ്. കേന്ദ്രസർക്കാരിന്റെ നാക് വിദഗ്ദ്ധ സംഘാംഗം, കേരളത്തിലെ വിവിധ സർവകലാശാലകളിലും ഓട്ടോണമസ് കോളേജുകളിലും ബോർഡ് ഓഫ് സ്റ്റഡീസ്, അക്കദാമിക് കമ്മിറ്റിയംഗം, ഗവേണിംഗ് ബോർഡ് അംഗം, കൊമേഴ്സ് അസോസിയേഷൻ ഒഫ് കേരള ജനറൽ സെക്രട്ടറി, ഇന്ത്യൻ അക്കൗണ്ടിംഗ് അസോസിയേഷൻ കേരള ചാപ്ടർ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം, വിവിധ ദേശീയ അന്തർദേശീയ ജേർണലുകളിലെ എഡിറ്റോറിയൽ ബോർഡ് അംഗം, നിരവധി വിദേശ രാജ്യങ്ങളിലെ സെമിനാർ പ്രതിനിധി, തമിഴ്നാട് ഹയർസെക്കൻഡറി ബോർഡ് വിദഗ്ദ്ധാംഗം, എം.ജി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപക കൺസൾട്ടന്റ്... ഏറ്റെടുത്ത പദവികളുടെ നിര നീളുകയാണ്.

അദ്ധ്യാപകൻ, ഗവേഷകൻ, കൺസൾട്ടന്റ് എന്നീ നിലകളിൽ മൂന്ന് പതിറ്റാണ്ടിനപ്പുറം നീളുന്ന സേവനമുള്ള ഇദ്ദേഹം ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച്, ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഫാഷൻ ടെക്നോളജി കേരള, മൂന്നാർ ഗവ. എൻജിനിയറിംഗ് കോളേജ് എന്നിവയുടെ ഡയറക്ടർ പദവിയും വഹിച്ചിട്ടുണ്ട്.

തുടർവിദ്യാഭ്യാസ കേന്ദ്രത്തിലും സിവിൽ സർവ്വീസ് അക്കാഡമിയിലും സമഗ്ര വികസനത്തിനുള്ള വ്യക്തമായ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയത് ഡോ. ജി.എസ്. ഗിരീഷ് കുമാറാണ്. കൂടുതൽ ജില്ലകളിൽ സിവിൽ സർവ്വീസ് അക്കാഡമിയുടെ സബ് സെന്ററുകൾ സ്ഥാപിച്ചു.

കേന്ദ്ര ധനസഹായത്തോടെ തുടർവിദ്യാഭ്യാസ കേന്ദ്രത്തിന് കവടിയാറിൽ ആസ്ഥാന മന്ദിരം പണികഴിപ്പിച്ചതും ഇദ്ദേഹമാണ്. കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമിക്ക് സംസ്ഥാനത്തെ ഏറ്റവും മികച്ച പരിശീലന കേന്ദ്രത്തിനുള്ള എക്സലൻസ് അവാർഡ് ലഭിച്ചതും അത് മുൻ ഐ.എസ്.ആർ.ഒ ചെയർമാൻ പത്മശ്രീ പ്രൊഫ. ജി. മാധവൻ നായരിൽ നിന്ന് ഏറ്റുവാങ്ങാനുള്ള ഭാഗ്യവും ലഭിച്ചു.

ഇന്ത്യയിലും വിദേശത്തും നൂറിലേറെ ദേശീയഅന്തർദേശീയ കോൺഫറൻസുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും പലതവണ മികച്ച പ്രബന്ധങ്ങൾക്കുള്ള അവാർഡുകൾ കരസ്ഥമാക്കുകയും ചെയ്തു. വിവിധ വിഭാഗങ്ങളിലെ കുട്ടികളുടെ വിലയിരുത്തലിൽ ഏറ്റവും മികച്ച അദ്ധ്യാപകനെന്ന സ്ഥാനവും ഗിരീഷ് സാറിനാണ് ലഭിച്ചത്. ഇദ്ദേഹത്തിന്റെ 110ഓളം പ്രബന്ധങ്ങൾ അംഗീകൃത ദേശീയഅന്തർദേശീയ ജേർണലുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 14 പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്.നിരവധി ജേർണലുകളുടെ എഡിറ്റർ, റിവ്യൂവർ, എഡിറ്റോറിയൽ ബോർഡ് മെമ്പർ, അഡ്വൈസറി ബോർഡ് മെമ്പർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. നിരവധി കലാലയങ്ങളുടെയും സർവ്വകലാശാലകളുടെയും ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, വിദഗ്ധ സമിതിയംഗം എന്നീ നിലകളിൽ പ്രവർത്തിക്കുന്ന ഡോ. ജി.എസ്. ഗിരീഷ് കുമാർ നിരവധി പ്രോഗ്രാമുകളിൽറിസോഴ്സ്പേഴ്സണായുംചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്.

എം.ജി. യൂണിവേഴ്സിറ്റി, ഭാരതിയാർ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ ഗവേഷക ഗൈഡായി പ്രവർത്തിക്കുകയും ഇരുപതോളം പി.എച്ച്.ഡികൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ബിഷപ്പ് വയലിൽ അവാർഡ്, ജവഹർലാൽ നെഹ്റു മെമ്മോറിയൽ അവാർഡ് തുടങ്ങി വിദ്യാഭ്യാസ വിചക്ഷണർക്ക് കിട്ടുന്ന ഒട്ടുമിക്ക ബഹുമതികളും ഗിരീഷ്കുമാറിനെ തേടിയെത്തിയിട്ടുണ്ട്.

ഇന്ത്യയിലെ കോൺഫറൻസുകൾ കൂടാതെ, തായ്ലാന്റ്, അമേരിക്ക, മലേഷ്യ, സിങ്കപ്പൂർ, ചൈന തുടങ്ങിയ രാജ്യങ്ങളിൽ കോൺഫറൻസിൽ പങ്കെടുത്ത് പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ദേശീയ തലത്തിൽ നാക് വിദഗ്ധ സമിതിയംഗമായി രാജ്യത്തെ പല ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സന്ദർശിച്ചിട്ടുണ്ട്.മലയോര മേഖലയിലുള്ള മേലുകാവ് കോളേജിനെ പഠനപാഠ്യേതര മേഖലയിൽ മലയോളം വളർത്താൻ ഡോ. ജി.എസ്. ഗിരീഷിന് കഴിഞ്ഞു.

മികച്ച പരിസ്ഥിതി സൗഹൃദ ക്യാമ്പസിനുള്ള സംസ്ഥാന സർക്കാർ അവാർഡ്, ബെസ്റ്റ് ഡോക്ടറൽ റിസർച്ച് അവാർഡ്, എം.ജി. യൂണിവേഴ്സിറ്റിയിലെമികച്ചഎൻ.എസ്.എസ് യൂണിറ്റ് പുരസ്കാരം തുടങ്ങിയവ നേടിക്കൊടുത്തു. വിവിധ പദ്ധതികളുംസർട്ടിഫിക്കറ്റ്കോഴ്സുകളും ചരിത്ര ഗവേഷണ കേന്ദ്രവും മേലുകാവ് കോളേജിലേക്ക് കൊണ്ടുവന്നതിന്റെ ക്രെഡിറ്റും ഈ ഗുരുശ്രേഷ്ഠനാണ്.

### ഡോ. ഗിരീഷ് കുമാറിന്റെ കുടുംബം

ളാക്കാട്ടൂർ ചന്ദ്രവിലാസം വീട്ടിൽ താമസം. പരേതരായ ശ്രീധരൻ കർത്തായുടേയും (കോത്തലമഠത്തിൽ) ചന്ദനവല്ലിക്കുഞ്ഞമ്മയുടേയും ആറുമക്കളിൽ അഞ്ചാമത്തെയാളാണ് ഡോ. ഗിരീഷ് കുമാർ. ഭാര്യ ആർ. ലതിക ളാക്കാട്ടൂർ എം.ജി.എം.എൻ.എസ്.എസ്. ഹയർസെക്കണ്ടറി സ്കൂളിൽ കമ്പ്യൂട്ടർ സയൻസ് അധ്യാപികയാണ്. എം.ബി.ബി.എസ്. വിദ്യാർത്ഥികളായ ബാലശങ്കർ, നന്ദകിഷോർ എന്നിവരാണ് മക്കൾ.

Vol. No. 24 Issue No.317 Reg. No: KERMAL/2000/4668 . Printed and Published by **Darshan Ravi** from Market Landing Road, Behind KSRTC, Chanthakadavu, Kottayam-1 on behalf of Kerala Kaumudi (Pvt.) Ltd. and Printed at Ravi Printers & Publishers (P) Ltd., Market Landing Road, Behind K SRTC, Chanthakadavu, Kottayam-1. Phone: **0481-2585212, 13,14** e mail: **ktmdesk@gmail.com** Chief Editor : **Deepu Ravi** (Responsible for selection of news under the PRB Act)